വൈവിധ്യം - പരമാധികാരം - സുസ്ഥിരത - സമാധാനപരമായ സഹവർത്തിത്വം

# കിസാൻ സ്വരാജ് സമ്മേളനം 2026

**കർഷകരുടെയും കർഷകസമൂഹത്തിന്റെ അഭ്യുദയകാംക്ഷികളുടെയും സംഗമം**

**ദക്ഷിണ മേഖല - ഫെബ്രുവരി 27, 28 & മാർച്ച് 1, 2026 (വെള്ളി-ശനി-ഞായർ)**

സംഘടിപ്പിക്കുന്നത്: അലയൻസ് ഫോർ സസ്റ്റൈനബിൾ ആൻഡ് ഹോളിസ്റ്റിക് അഗ്രികൾച്ചർ (ആശ—കിസാൻ സ്വരാജ്)

സഹകരണത്തോടെ: കർണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി **(KSOU)**, മൈസൂരു

വേദി: **KSOU** കോൺവൊക്കേഷൻ ബിൽഡിംഗ്, ഹുൻസൂർ റോഡ്, മൈസൂരു

## രജിസ്റ്റർ ചെയ്യാനുള്ള ക്ഷണം

അലയൻസ് ഫോർ സസ്റ്റൈനബിൾ ആൻഡ് ഹോളിസ്റ്റിക് അഗ്രികൾച്ചർ **(ASHA)** അഥവാ ആശ-കിസാൻ സ്വരാജ് നെറ്റ്‌വർക്ക്, ദക്ഷിണേന്ത്യൻ മേഖലയ്ക്കായി കിസാൻ സ്വരാജ് സമ്മേളനത്തിന്റെ ആറാം പതിപ്പ് 2026 ഫെബ്രുവരി 27, 28, മാർച്ച് 1 തീയതികളിൽ കർണാടകയിലെ മൈസൂരുവിൽ നടത്തുന്നതായി സന്തോഷത്തോടെ അറിയിക്കുന്നു. ഈ സമ്മേളനം കർണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയുമായി **(KSOU)** സഹകരിച്ചാണ് സംഘടിപ്പിക്കുന്നത്.

കർണാടക, കേരളം, തമിഴ്നാട്, ഗോവ, ആന്ധ്രാപ്രദേശ്, തെലങ്കാന, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളിൽനിന്നും പങ്കെടുക്കാൻ താൽപ്പര്യമുള്ളവരെ  സമ്മേളനത്തിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാൻ ക്ഷണിക്കുന്നു. കിഴക്കൻ ഇന്ത്യയിൽ നിന്നുള്ളവർ ജാർഖണ്ഡിലെ റാഞ്ചിയിൽ സംഘടിപ്പിക്കപ്പെടുന്ന കിസാൻ സ്വരാജ് സമ്മേളനത്തിന്റെ പ്രത്യേക അറിയിപ്പിനായി കാത്തിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സമ്മേളനത്തിന്റെ  വേദി കെഎസ്ഒയു (കർണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി) കോൺവൊക്കേഷൻ ബിൽഡിംഗ്, മുക്ത ഗംഗോത്രി, ഹുൻസൂർ റോഡ്, മൈസൂരു 570006 ആണ്.

ആശ-കിസാൻ സ്വരാജ് ഇന്ത്യയിലുടനീളം സുസ്ഥിര കാർഷിക ഉപജീവന മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു അനൗപചാരിക പൗര-വളന്റിയർ പ്രവർത്തകരുടെ ശൃംഖലയാണ്. കൂടുതൽ വിവരങ്ങൾ **www.kisanswaraj.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## കിസാൻ സ്വരാജ് സമ്മേളനത്തെക്കുറിച്ച്

നമ്മുടെ മുന്നിലുള്ള അത്യന്തം സങ്കീർണമായ കാർഷിക, പരിസ്ഥിതി, നയപര വെല്ലുവിളികളെക്കുറിച്ചുള്ള ധാരണ ശക്തിപ്പെടുത്തുന്നതിനും, വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഒരേ മൂല്യബോധത്തിൽ ബന്ധിപ്പിക്കുന്നതിനുമായി ആശ കഴിഞ്ഞ കുറച്ച് വർഷങ്ങളായി കിസാൻ സ്വരാജ് സമ്മേളനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കിടയിലും ചിന്തയിലും പ്രവൃത്തിയിലും ഏകോപനം സാധ്യമാക്കുന്നതാണ് ഈ സംഗമങ്ങളുടെ ലക്ഷ്യം. ഇന്ത്യയിലെ കാർഷിക ഉപജീവനമാർഗങ്ങളെ സുസ്ഥിരവും നീതിയുക്തവുമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിനായി പുതിയ വ്യക്തികൾ, പുതിയ ആശയങ്ങൾ, വിശകലനങ്ങൾ, അനുഭവങ്ങൾ, ഊർജ്ജം എന്നിവ ഒരുമിക്കുന്ന വേദികളാണ് ഈ സമ്മേളനങ്ങൾ.

മുൻകാലങ്ങളിൽ ഭോപ്പാൽ (2013), ഹൈദരാബാദ് (2016), അഹമ്മദാബാദ് (2018), മൈസൂരു (2022) എന്നീ നഗരങ്ങളിൽ കിസാൻ സ്വരാജ് സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓർഗാനിക് ഫാമിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ (OFAI)യുടെ ദ്വിവത്സര ജൈവകൃഷി കൺവെൻഷനുകളോട് ചേർന്ന്, 2015-ല് ചണ്ഡീഗഡിൽ ഒരു ജൈവ കർഷക കൺവെൻഷൻ ASHA-OFAI സഹകരണത്തോടെ സംഘടിപ്പിച്ചിരുന്നു.

കിസാൻ സ്വരാജ് സമ്മേളനങ്ങൾ (KSS) പ്രധാനമായും ഇന്ത്യയിലെ കാർഷിക-പരിസ്ഥിതി (അഗ്രോഇക്കോളജി) സമൂഹത്തിലെ അംഗങ്ങളെ ഒന്നിച്ചു കൊണ്ടുവരുന്നതിനായാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പം, പൊതുവായി കർഷകരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്നവരെയും ഈ സമ്മേളനങ്ങൾ ഉൾക്കൊള്ളുന്നു. മുൻനിര കർഷകർ, സിവിൽ സൊസൈറ്റി പ്രതിനിധികൾ, ആക്ടിവിസ്റ്റുകൾ, അക്കാദമികർ, ശാസ്ത്രജ്ഞർ, സാമൂഹിക സംരംഭകർ, എഴുത്തുകാർ, മാധ്യമപ്രവർത്തകർ, കലാകാരന്മാർ തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ നിന്നുള്ളവരാണ് ഈ സംഗമങ്ങളുടെ ഭാഗമാകുന്നത്. ഈ പ്രസ്ഥാനം ഉപഭോക്തൃ തിരഞ്ഞെടുപ്പുകളെക്കുറിച്ചും, സുരക്ഷിതവും മതിയായതും വൈവിധ്യപൂർണ്ണവും പോഷകസമൃദ്ധവുമായ ഭക്ഷണത്തിലേക്കുള്ള ഉപഭോക്താക്കളുടെ അവകാശത്തെക്കുറിച്ചും ഗൗരവമായ ആശങ്ക പുലർത്തുന്നു; അതിനാൽ ഉപഭോക്തൃ മേഖലയിൽ നിന്നുള്ള പങ്കാളിത്തവും സമ്മേളനങ്ങളിൽ ഉണ്ടാകും. കർഷകരുടെയും കർഷക സമൂഹങ്ങളുടെയും സ്വയംഭരണവും പരമാധികാരവും കെട്ടിപ്പടുക്കുന്നതിലാണ് ഈ പൗരപ്രസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് - അതോടൊപ്പം തന്നെ ഉപഭോക്താക്കൾക്കും അനുകൂലമായ ഗുണഫലങ്ങൾ ഉറപ്പാക്കിക്കൊണ്ട്. സാമ്പത്തിക സമൃദ്ധി, സാമൂഹിക നീതി, പരിസ്ഥിതി സുസ്ഥിരത എന്നിവയ്ക്ക് സൂക്ഷ്മമായ ശ്രദ്ധ നൽകുന്ന ഒരു പൗരപ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ, കാഴ്ചപ്പാടുകൾ, അനുഭവങ്ങൾ, അറിവുകൾ എന്നിവയാണ് ഈ സമ്മേളനങ്ങൾ പ്രതിഫലിപ്പിക്കുന്നത്. ഇത്തരത്തിലുള്ള സമ്മേളനങ്ങൾ ഈ സമൂഹത്തിലെ ആളുകളെ വീണ്ടും ബന്ധിപ്പിക്കുകയും, ഉയർന്നുവരുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള സംവാദങ്ങൾക്ക് വേദിയാകുകയും, അടിസ്ഥാനതല പരിഹാരങ്ങൾ പങ്കുവെച്ച് അവയിൽ നിന്ന് പഠിക്കുകയും, ആവശ്യമായ നയതല ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

ഒരു ദേശീയ സമ്മേളനത്തിന് പകരം, 2026 ല് മൂന്ന് പ്രാദേശിക സമ്മേളനങ്ങളാണ് സംഘടിപ്പിക്കുന്നത്, ഈ കുറിപ്പ് ദക്ഷിണേന്ത്യൻ കിസാൻ സ്വരാജ് സമ്മേളനത്തെക്കുറിച്ചാണ്.

## KSS 2026 – പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിഷയങ്ങൾ

ഇന്ത്യയിൽ ഉയർന്നു വരുന്ന നാല് വിഷയങ്ങളിൽ കെഎസ്എസ് 2026 പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കും:

**1.** വിത്ത് പരമാധികാരം **:** 2025 ലെ കരട് വിത്ത് ബിൽ, 2001 ലെ സസ്യ ഇനങ്ങളുടെയും കർഷകരുടെയും അവകാശ സംരക്ഷണ നിയമം **(PPV&FR Act)** സംബന്ധിച്ച നിർദ്ദേശിത ഭേദഗതികൾ, ഭക്ഷ്യ–കാർഷിക സസ്യ ജനിതക വിഭവങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടി **(ITPGRFA /** പ്ലാൻറ് ട്രീട്ടി**)** സംബന്ധിച്ച പുതിയ നീക്കങ്ങൾ എന്നിവ കർഷകരുടെയും രാജ്യത്തിന്റെയും വിത്ത് പരമാധികാരത്തെയും അതിലൂടെ ഭക്ഷ്യ പരമാധികാരത്തെയും ഗുരുതരമായി ബാധിക്കുന്നവയാണ്.

**2. HT** വിളകളും കളനിയന്ത്രണവും **:** ഇന്ത്യൻ വിത്ത് വിപണിയിൽ ഇപ്പോൾ ജനിതക മാറ്റം വരുത്താത്ത **(non-GM)** എന്നാൽ കളനാശിനി സഹിഷ്ണുതയുള്ള **(**കളനാശിനി ഉപയോഗം കൂട്ടുന്ന**)** മൂന്ന് വിളകൾ, കൂടാതെ ജീനോം എഡിറ്റ് ചെയ്ത അരി ഇനങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. നിയന്ത്രണ സംവിധാനങ്ങളിലെ വിട്ടുവീഴ്ചകൾ, സമഗ്രതയില്ലാത്ത ശാസ്ത്രം, ജനാധിപത്യവിരുദ്ധ നയരൂപീകരണം

എന്നിവയുടെ പ്രശ്നങ്ങൾ അടങ്ങിയതാണ് ഇത്തരം വികസനങ്ങൾ. ഇവ ജൈവ/പ്രകൃതി കൃഷിയുടെ അന്തസത്തയെയും മാനദണ്ഡങ്ങളെയും രീതികളെയും ഗുരുതരമായി ബാധിക്കുന്നു.

**3.** കൃഷിയിലെ അധ്വാനം **:** കൃഷിയിൽ മനുഷ്യാധ്വാനവും കന്നുകാലികളെ ഉപയോഗിച്ചുള്ള അധ്വാനവും വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. കാർഷിക തൊഴിലാളികൾ, കർഷകർ, പരിസ്ഥിതി, മൃഗസംരക്ഷണം എന്നിവയ്ക്കെല്ലാം ഗുണകരമായ പ്രായോഗികവും നയപരവുമായ പരിഹാരങ്ങൾ ആവശ്യമാണ്. **MGNREGA** റദ്ദാക്കി പകരം **VBGRAMG** കൊണ്ടുവന്നതോടെ ഈ ചർച്ചയ്ക്ക് പുതിയ മാനങ്ങൾ ലഭിച്ചിട്ടുണ്ട്.

**4.** മനുഷ്യ-മൃഗ സംഘർഷങ്ങൾ **:** ഇവ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, കർഷകരുടെ ജീവനും വിളകൾക്കും കന്നുകാലികൾക്കും നേരെയുള്ള വന്യജീവി ആക്രമണം നഷ്ടങ്ങൾക്കും സംഘർഷങ്ങൾക്കും കാരണമാകുന്ന , ഇതിന് നയപരവും പ്രായോഗികവുമായ നിയന്ത്രണമാർഗങ്ങളും മറ്റ് പരിഹാരങ്ങളും ആവശ്യമാണ്.

## സമ്മേളനത്തിന്റെ രൂപരേഖ

സമ്മേളനത്തിൽ പ്രമുഖ പ്രഭാഷകരുടെ പ്ലീനറി സെഷനുകളും വിഷയാധിഷ്ഠിത സമാന്തര സെഷനുകളും ഉണ്ടായിരിക്കും. വിത്ത് വൈവിധ്യോത്സവം, ജൈവ ഭക്ഷണം, പ്രദർശനം, പ്രസക്തമായ വിഷയങ്ങളെക്കുറിച്ചുള്ള പ്രായോഗിക വർക്ക്ഷോപ്പുകൾ , പൊതുപ്രഭാഷണങ്ങൾ, കല-സാംസ്കാരിക പരിപാടികൾ എന്നിവയും ഉൾപ്പെടും. സമാന്തര സെഷനുകൾ സംവേദനാത്മകവും പങ്കാളിത്തപരവുമായിരിക്കും. സ്വതന്ത്രമായ അനൗപചാരിക ചർച്ചകൾക്കുള്ള തുറന്ന വേദികളും ഒരുക്കാൻ ശ്രമിക്കും. ഇത്തരം സമ്മേളനങ്ങൾ പങ്കുവെക്കലിനും പരസ്പര പഠനത്തിനും നെറ്റ്‌വർക്കിംഗ് ശക്തിപ്പെടുത്തുന്നതിനും വിപണന അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വഴിയൊരുക്കുന്നു.

### മുൻകാല കിസാൻ സ്വരാജ് സമ്മേളനങ്ങളുടെ ദൃശ്യങ്ങൾ

അഹമ്മദാബാദിലെ ഗുജറാത്ത് വിദ്യാപീഠത്തിൽ നടന്ന 2018 ലെ കിസാൻ സ്വരാജ് സമ്മേളനത്തിന്റെ പരിപാടി ക്രമീകരണങ്ങളും ചിത്രങ്ങളും ഈ ലിങ്കിൽ ലഭ്യമാണ്.

https://tinyurl.com/KSS2018Schedule ;
https://photos.app.goo.gl/wP1WHJjU364msarK8

മൈസൂരുവിലെ കർണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നടന്ന 2022 ലെ കിസാൻ സ്വരാജ് സമ്മേളനത്തിന്റെ പരിപാടി ക്രമീകരണങ്ങളും ചിത്രങ്ങളും ഈ ലിങ്കിൽ ലഭ്യമാണ്.

https://tinyurl.com/KSS2022Schedule ;
https://photos.app.goo.gl/oKr3SfwgyuFFiwKH9

## പങ്കെടുക്കാൻ രജിസ്ട്രേഷൻ

മുൻകൂർ രജിസ്ട്രേഷൻ ഫീസ് അടച്ചതിനുശേഷം മാത്രമേ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയൂ. റിസോഴ്സ് പേഴ്സൺമാരും സംഘാടകരും ഉൾപ്പെടെ എല്ലാ പങ്കാളികളും രജിസ്ട്രേഷൻ ഫീസ് നിർബന്ധമായും അടയ്ക്കണം. ഇത് ഒരു സ്വാശ്രയ പ്രസ്ഥാനമായി കെട്ടിപ്പെടുത്താനാണ് ശ്രമിക്കുന്നത്. രജിസ്ട്രേഷൻ ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്ന അടിസ്ഥാനത്തിലായിരിക്കും. ആശ–കിസാൻ സ്വരാജ് സർക്കാർ ഫണ്ടുകൾ, പ്രോജക്ട് ഫണ്ടുകൾ, വിദേശ ഫണ്ടുകൾ, കോർപ്പറേറ്റ്

സ്പോൺസർഷിപ്പ് എന്നിവയെ ആശ്രയിക്കുന്നില്ല. ആശ-കിസാൻ സ്വരാജ് പരിപാടികളിലെ പതിവുപോലെ, ഈ സമ്മേളനം ചിലവുകൾക്കുള്ള തുക കഴിയുന്നത്ര സ്വയം കണ്ടെത്തി നടത്താനാണ് ഞങ്ങളുടെ ശ്രമം. എന്നാൽ രജിസ്ട്രേഷൻ ഫീസ് കാരണം ആർക്കും പങ്കെടുക്കാൻ ബുദ്ധിമുട്ടുണ്ടാകരുതെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. കോൺവെൻഷൻ കിറ്റ്, ലളിതവും പങ്കിടുന്നതുമായ താമസസൗകര്യം, സമ്മേളനകാലത്തെ എല്ലാ ഭക്ഷണങ്ങളും (ജൈവ ഭക്ഷണം), എല്ലാ പ്ലീനറികളിലേക്കും സമാന്തര സെഷനുകളിലേക്കും പ്രവേശനം, വിത്ത് വൈവിധ്യോത്സവം, പ്രദർശനം, വർക്ക്ഷോപ്പുകൾ എന്നിവ മാത്രമേ രജിസ്ട്രേഷൻ ഫീസിൽ ഉൾപ്പെടുന്നുള്ളൂ. സമ്മേളന വേദിയിലേക്കും തിരിച്ചുമുള്ള യാത്ര ഇതിൽ ഉൾപ്പെടുന്നില്ല. മൈസൂരുവിൽ സ്വന്തമായി താമസ സൗകര്യം ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെ ചെയ്യാം, പക്ഷേ അടയ്ക്കേണ്ട രജിസ്ട്രേഷൻ ഫീസ് അതേപടി തുടരും, കൂടാതെ അത്തരം പങ്കാളികൾക്ക് ആശ ദിവസേനയുള്ള യാത്രാ സൗകര്യം ഒരുക്കുകയില്ല. താമസ സൗകര്യങ്ങളുടെ ലഭ്യതയെ ആശ്രയിച്ച് ദമ്പതികൾക്ക് വ്യത്യസ്ത മുറികളിൽ താമസിക്കേണ്ടിവരാൻ സാധ്യതയുണ്ട്. ആ സാഹചര്യത്തിന് അനുസരിച്ച തയാറായി വരണം എന്ന് അഭ്യർത്ഥിക്കുന്നു.

റജിസ്ട്രേഷൻ ഫീസ് – ഒരിക്കൽ അടച്ചാൽ തിരികെ നൽകുന്നതല്ല **(No Refunds).**

## പങ്കാളി രജിസ്ട്രേഷൻ ഫീസ് (വിഭാഗംപ്രകാരം)

| വിഭാഗം | വിശദീകരണം | രജിസ്ട്രേഷൻ ഫീസ് (രൂപ) |
|---|---|---|
| 1 | ശമ്പളം പറ്റുന്ന നഗരവാസികളും ഗവേഷകർ, അക്കാദമികർ, സർക്കാർ ജീവനക്കാർ | 3500 |
| 2 | കൃഷിയല്ലാതെ മറ്റ് വരുമാനമുള്ള കർഷകർ, മാധ്യമ പ്രതിനിധികൾ, CSO പ്രതിനിധികൾ, കർഷക സംഘടന പ്രതിനിധികൾ | 2500 |
| 3 | കൃഷിയല്ലാതെ മറ്റൊരു ഉപജീവനമാർഗമില്ലാത്ത കർഷകർ, വിദ്യാർത്ഥികൾ | 1500 |
| 4 | വനിതാ കർഷകർ | 800 |
| 5 | ഫീസ് താങ്ങാൻ കഴിയാത്ത യഥാർത്ഥ ജൈവ/പ്രകൃതി കർഷകർ | അവർ ഉൽപാദിപ്പിച്ച ഭക്ഷ്യധാന്യങ്ങളിൽ ഏതെങ്കിലും 8 കിലോ അല്ലെങ്കിൽ പയർവർഗ്ഗങ്ങളിൽ 5 കിലോ |

എല്ലാ രജിസ്ട്രേഷനുകൾക്കും പേയ്മെന്റുകൾക്കുമായി താഴെ നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിക്കണം: https://sammelan.kisanswaraj.in/south-india

രജിസ്റ്റർ ചെയ്യുന്നവർ പൂർണവും കൃത്യവുമായ വിവരങ്ങൾ നൽകിയാൽ മാത്രമേ സംഘാടകർക്ക് താമസ സൗകര്യങ്ങളും മറ്റ് ക്രമീകരണങ്ങളും തടസ്സമില്ലാതെ ഒരുക്കാൻ കഴിയൂ എന്ന് ദയവായി ശ്രദ്ധിക്കുക.

രജിസ്ട്രേഷൻ അവസാന തീയതി: **2026** ഫെബ്രുവരി **15**

സമ്മേളനത്തിനായി നിശ്ചയിച്ചിരിക്കുന്ന പങ്കാളികളുടെ എണ്ണം അവസാന തീയതിക്ക് മുമ്പ് പൂർത്തിയായാൽ രജിസ്ട്രേഷൻ നിർത്താനുള്ള അവകാശം സംഘാടകർക്ക് ഉണ്ടായിരിക്കുന്നതാണ്. നിർദേശിച്ചിരിക്കുന്ന രജിസ്ട്രേഷൻ ഫീസ് അടച്ചതോടൊപ്പം പൂർണമായി പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം സമർപ്പിച്ചാൽ മാത്രമേ രജിസ്ട്രേഷൻ പൂർത്തിയായതായി കണക്കാക്കുകയുള്ളൂ.

## താമസവും ഭക്ഷണവും – പ്രധാന അറിയിപ്പുകൾ

മൈസൂരുവിൽ 3 ദിവസത്തെ താമസവും ഭക്ഷണവും സംഘാടകർ ക്രമീകരിക്കും:

- **2026** ഫെബ്രുവരി **26 –** വൈകിട്ട് **6.00** മുതൽ
- **2026** മാർച്ച് **1 –** ഉച്ചയ്ക്ക് **1.00** വരെ

(സമ്മേളനം 2026 ഫെബ്രുവരി 27-ന് രാവിലെ 9.30-ന് ആരംഭിച്ച് 3 ദിവസത്തേക്കാണ്.)

പങ്കെടുക്കുന്ന എല്ലാപേരും 2026 മാർച്ച് 1-ന് ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പ് അവരവരുടെ താമസസ്ഥലം ഒഴിഞ്ഞുകൊടുക്കേണ്ടതാണ്. പ്രത്യേകമായി ആവശ്യപ്പെട്ട് അനുവാദം വാങ്ങിയ സാഹചര്യത്തിൽ മാത്രമേ തുടർന്ന് നിൽക്കാൻ പാടുള്ളൂ.

ട്രെയിൻ സമയക്രമത്തിലെ ബുദ്ധിമുട്ടുകൾ കാരണം, ഈ സമയപരിധിക്ക് മുമ്പും ശേഷവും താമസ സൗകര്യം നീട്ടണമെന്നുള്ള കർഷകരുടെ അഭ്യർത്ഥനകൾ പരിഗണിക്കാവുന്നതാണ്. അത്തരമൊരു സാഹചര്യത്തിൽ കർഷകർക്ക് മറ്റൊരു താമസസ്ഥലത്തേക്ക് മാറേണ്ടിവരുകയോ, അധിക ചെലവ് വഹിക്കേണ്ടിവരുകയോ ചെയ്യാം. കർഷകർക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാതിരിക്കാൻ സംഘാടകർ പരമാവധി ശ്രമിക്കുമെങ്കിലും, അത് ഉറപ്പുനൽകാൻ കഴിയില്ല.

2026 ഫെബ്രുവരി 22-ന് മുമ്പായി പങ്കെടുക്കുന്നതിനുള്ള സ്ഥിരീകരണ കത്തും മറ്റ് ലോജിസ്റ്റിക് വിശദാംശങ്ങളും സംഘാടകർ അയയ്ക്കും. എന്നിരുന്നാലും, രജിസ്റ്റർ ചെയ്തവർ സ്ഥിരീകരണ കത്തിനായി കാത്തിരിക്കാതെ യാത്രാ ടിക്കറ്റുകൾ ബുക്ക് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**KSOU ഉൾപ്പെടെ KSS 2026-ന് വേണ്ടി ബുക്ക് ചെയ്തിട്ടുള്ള എല്ലാ കാമ്പസുകളിലും പുകവലി ഉൾപ്പെടെ ഏതു രൂപത്തിലുള്ള പുകയില ഉപഭോഗവും കർശനമായി നിരോധിച്ചിരിക്കുന്നു.**

## സമ്മേളനത്തിനിടെയുള്ള പ്രദർശനം (Exhibition)

ജൈവ/പ്രകൃതിദത്ത കർഷകർ, കർഷക ഗ്രൂപ്പുകൾ, രജിസ്റ്റർ ചെയ്ത ലാഭേച്ഛയില്ലാത്ത (non-profit) സംഘടനകൾ, സ്വകാര്യ സംരംഭകർ, (അർദ്ധ) സർക്കാർ വകുപ്പുകൾ എന്നിവർക്കായി അവരുടെ ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും, ജൈവ/പ്രകൃതിദത്ത കൃഷിയുമായി ബന്ധപ്പെട്ട അവരുടെ

പ്രവർത്തനങ്ങളും പദ്ധതികളും പ്രദർശിപ്പിക്കുന്നതിനും, ഉപകരണങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, പുസ്തകങ്ങൾ, സാഹിത്യം, മറ്റ് IEC വസ്തുക്കൾ എിവ പ്രദർശിപ്പിക്കുന്നതിനും, സുസ്ഥിര കൃഷിയുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ചില പ്രദർശന സ്റ്റാളുകൾ ക്രമീകരിക്കും. **യഥാർത്ഥ ജൈവ/പ്രകൃതി കർഷകർ, ചെറുകിട FPOകൾ, സർക്കാർ കാർഷിക സർവകലാശാലകൾ/സ്ഥാപനങ്ങൾ എന്നിവ നിർമിച്ച് വിൽക്കുന്നവ ഒഴികെ കാർഷിക ഇൻപുട്ടുകൾ (വളം, കീടനിയന്ത്രിണികൾ ഹോർമോണുകൾ എന്നിവ) പ്രദർശിപ്പിക്കാനോ വിൽക്കാനോ അനുവാദമില്ല.**

## പ്രദർശന സ്റ്റാൾ രജിസ്ട്രേഷൻ – നടപടിക്രമം

**പ്രദർശന സ്റ്റാൾ ആവശ്യപ്പെടുന്നവർ നിർദേശിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും നൽകി, ഓൺലൈൻ അപേക്ഷ ഫോം വഴി സ്റ്റാൾ അപേക്ഷ സമർപ്പിക്കണം.**
https://sammelan.kisanswaraj.in/stall-application/new

**ഈ ഘട്ടത്തിൽ പണം അടയ്ക്കേണ്ടതില്ല.**

ഓരോ അപേക്ഷയും ഒരു സാങ്കേതിക സമിതി പരിശോധിക്കും. ഉൽപന്നങ്ങളുടെ സ്വഭാവം, അവകാശവാദങ്ങൾ, വിലനിർണയം, ആധികാരികത, സമ്മേളനവുമായി ഉള്ള അനുയോജ്യത തുടങ്ങിയവ സമിതി വിലയിരുത്തും. ആവശ്യമായാൽ സാമ്പിളുകൾ അല്ലെങ്കിൽ അധിക വിവരങ്ങൾ അപേക്ഷകരിൽ നിന്ന് ആവശ്യപ്പെടാം.

**പരിശോധന പൂർത്തിയായ ശേഷം, അംഗീകരിക്കപ്പെട്ട അപേക്ഷകർക്ക് മാത്രമേ സ്റ്റാൾ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ലിങ്ക് നൽകൂ. പേയ്മെന്റ് പൂർത്തിയായാൽ മാത്രമേ സ്റ്റാൾ രജിസ്ട്രേഷൻ സ്ഥിരീകരിക്കപ്പെടൂ.**

സ്റ്റാൾ രജിസ്ട്രേഷൻ ഫീസ് ഒരിക്കൽ അടച്ചാൽ തിരികെ നൽകുന്നതല്ല **(No refunds).**

കാരണം വ്യക്തമാക്കാതെ തന്നെ, സമ്മേളനത്തിനുമുമ്പും സമ്മേളനത്തിനിടയിലും ഏതെങ്കിലും ഘട്ടത്തിൽ സ്റ്റാൾ/ടേബിൾ സ്ഥലം നൽകാതിരിക്കാനുള്ള അവകാശം സംഘാടകർക്കുണ്ട്.

## പ്രദർശന സ്റ്റാൾ ഫീസ് (വിഭാഗംപ്രകാരം)

| വിഭാഗം | വിവരണം | സ്റ്റാൾ രജിസ്ട്രേഷൻ ഫീസ് (രൂപ) |
|---|---|---|
| 1 | സ്വകാര്യ സംരംഭകർ, അർദ്ധസർക്കാർ, സർക്കാർ വകുപ്പുകൾ | 15000 |
| 2 | 12A സർട്ടിഫിക്കറ്റ് ഉള്ള ലാഭേച്ഛയില്ലാത്ത (Non -Profit) സംഘടനകൾ | 10000 |
| 3 | കർഷക ഗ്രൂപ്പുകൾ: FPO, കർഷക സഹകരണ സംഘം, SHG, മൈക്രോ ക്രെഡിറ്റ് ഗ്രൂപ്പ് | 6000 |
| 4 | കിസാൻ ഹാട്ട്: ഗ്രാമങ്ങളിൽ താമസിക്കുന്ന, കൃഷിയല്ലാതെ മറ്റൊരു വരുമാനമില്ലാത്ത വ്യക്തിഗത ജൈവ കർഷകർ | 2000 |

## സ്റ്റാൾ സൗകര്യങ്ങൾ

- കാറ്റഗറി 1 & 2: ഓരോ സ്റ്റാലിനും 2 പേർക്ക് സമ്മേളന പങ്കാളികളായിയാകാം.
- കാറ്റഗറി 3 & 4: ഓരോ സ്റ്റാൾ/ടേബിളിനു 1 ആൾക്ക് സമ്മേളന പങ്കാളിയാകാം.
- കിസാൻ ഹാട്ടിന് ടേബിൾ സൗകര്യം മാത്രമേ ലഭിക്കൂ.
- മറ്റ് സ്റ്റാളുകളുടെ വലുപ്പം 50–70 ചതുരശ്ര അടി വരെ ആയിരിക്കും. ഓരോ സ്റ്റാളിലും 2 കസേരകൾ, തുണി കവറുള്ള 2 മേശകൾ, 1 ലൈറ്റ്, 1 (5 ആംപ്) പ്ലഗ് പോയിന്റ് ലഭിക്കും.

സമ്മേളനത്തിലും എല്ലാ പ്രദർശനങ്ങളിലും പ്ലാസ്റ്റിക് കാരി ബാഗുകൾ **(**ഒറിജിനൽ പാക്കിംഗ് ഒഴികെ**),** ഫ്ലെക്സ് ബാനറുകൾ**,** തെർമോകോൾ എന്നിവ കർശനമായി നിരോധിച്ചിരിക്കുന്നു**.** മാലിന്യം നിക്ഷേപിക്കുന്നത് അനുവദനീയമല്ല**.**

## ബന്ധപ്പെടാൻ

എന്തെങ്കിലും സംശയങ്ങൾക്കായി:

- ഇമെയിൽ: **kisanswarajsammelan2026@gmail.com**
- ഫോൺ: **9567157197** (ഉച്ചയ്ക്ക് 2.00 മുതൽ രാത്രി 8.30 വരെ)

—-----------------------------------------------------------------------------------------------------------

കിസാൻ സ്വരാജ് സമ്മേളനം **2026 –** ദക്ഷിണ മേഖല
കർഷകരുടെയും സമൂഹത്തിന്റെയും സ്വയംഭരണത്തിനായി, സുസ്ഥിരവും നീതിയുക്തവുമായ ഭാവിക്കായി.